©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ഒക്ടോബർ 30<br>30th October 2018<br>1194 തുലാം 13<br>13th Thulam 1194<br>1940 കാർത്തികം 8<br>8th Karthika 1940 | നമ്പർ<br>No. 43 |

## PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

e-TENDER NOTICE

No. PT(1)50/2018. *10th October 2018.*

e-Tenders in two cover system are invited from competent dealers for the Procurement of PC-Based Double Beam UV-Vis Spectrophotometer under the scheme Modernization of Departmental Laboratories 2018-19 to State Pesticide Testing Laboratory, Parottukonam, Nalanchira P. O., Trivandrum, Kerala, Pin-695 015 of the Agriculture Development & Farmers' Welfare Department. The tender is to be submitted as e-tenders through https://etenders.kerala.gov.in.

Tender ID—2018_AGRI_240152_1.

Tender No. with PAC—PT(l)50/18/et3/UV/l8-19/SN. ` 7 lakhs.

Document sale start date—10-10-2018.

Document sale end date—7-11-2018.

Bid Submission start date—10-10-2018.

Last date and time of receipt of e-Tender—7-11-2018, 5 p. m.

Date and time of opening of e-Tender—12-11-2018, 11.30 a. m.

Cost of e-Tender (online submission)—` 1,400 + 18% G. S. T.

Date up to which the rates are to remain firm for acceptance—31-3-2019.

E.M.D.—1% of PAC through online payment.

Security Deposit—5% of total contract amount inclusive of E.M.D.

Period of Supply—Within 45 days of receipt of supply order.

State Pesticide Testing Laboratory,
Parottukonam, (Sd.)
Thiruvananthapuram. *Deputy Director of Agriculture.*

Gaz. No. 43/2018/DTP (Agriculture).

ഇ-ദർഘാസ് പരസ്യം

നമ്പർ എ(2) 361/2018. 2018 ഒക്ടോബർ 11.

കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്ന ഏകദേശം 7000 മെട്രിക് ടൺ വിവിധയിനം നെൽ വിത്തുകൾ അതീവ ശ്രദ്ധയോടും ഉത്തരവാദിത്വത്തോടും കൂടി സീഡ് അതോറിറ്റിയുടെ കീഴിലുള്ള പന്തളം, എരുത്തേമ്പതി പാലക്കാട് ജില്ല, കളർകോട് ആലപ്പുഴ ജില്ല, കണ്ണാറ, തൃശ്ശൂർ ജില്ല എന്നീ സംസ്കരണ കേന്ദ്രങ്ങളിൽ വച്ചോ, അതോറിറ്റി നിശ്ചയിക്കുന്ന മറ്റുസ്ഥലങ്ങളിൽ വച്ചോ വൃത്തിയാക്കി സംസ്ക്കരിച്ച് അതോറിറ്റി നിർദ്ദേശിക്കുന്ന തരം ചാക്കുകളിൽ 30 കിലോ വിത്ത് വീതം നിറച്ച് ചാക്കിൻമേൽ നിർദ്ദേശിക്കുന്ന വിവരങ്ങൾ എഴുതി ടാഗ് അടക്കം ചാക്ക് തുന്നി ഇനം തിരിച്ച് അട്ടിയിട്ട് വയ്ക്കുന്നതിന് തയ്യാറുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഓൺലൈൻ ദർഘാസുകൾ ക്ഷണിക്കുന്നു. ഈ പരസ്യത്തോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിബന്ധനയിൽ പറഞ്ഞിരിക്കുന്ന നിലവാരത്തിലും യോഗ്യതയിലും ഉള്ളതായിരിക്കണമെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ ടെണ്ടറിനോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ടെണ്ടർ പ്രമാണം www.etenders.kerala.gov.in. വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളു. നേരിട്ടോ തപാലിലോ ഓഫീസിൽ സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറത്തിന്റെ വില ഉദ്ദേശിക്കുന്ന കരാറിന്റെ അടങ്കൽ തുക എന്നിവ താഴെ പറയും പ്രകാരമാണ്.

അടങ്കൽ തുക—` 1,56,10,000.

നിരതദ്രവ്യം—` 50,000.

ദർഘാസ് ഫോറത്തിന്റെ വില—` 5,600 (include 12% GST).

ദർഘാസുകൾ ഒരു മെട്രിക് ടൺ നെല്ല് സംസ്കരിച്ച് പുതിയ ചണചാക്കുകളിൽ നിറയ്ക്കുന്നതിന് (ചണചാക്കുകൾ 21" × 36" സൈസിലുള്ളതും കുറഞ്ഞത് 375 ഗ്രാം തൂക്കമുള്ളതും 30 കിലോഗ്രാം നെൽവിത്ത് നിറയ്ക്കാൻ പര്യാപ്തമായതും ആയിരിക്കണം) ചാക്ക് ഉൾപ്പെടെ എത്ര രൂപ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ചണചാക്കിന്റെ സാമ്പിൾ ദർഘാസ് തുറക്കുന്നതിന് മുൻപ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. നെൽവിത്തുകൾ നിറയ്ക്കുന്നതിന് പുതിയ ചണചാക്കുകൾ ഉപയോഗിക്കേണ്ടതാണ്. ചാക്കിന്റെ മുകൾ ഭാഗം മടക്കി തുന്നി തരേണ്ടതുമാണ്. കൂടാതെ സീഡ് അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ചാക്കിൽ ടെസ്റ്റിംഗ് ലാബിലെ നിർദ്ദേശങ്ങളും പച്ച നിറത്തിൽ ഇംഗ്ലീഷിൽ പ്രിന്റ് ചെയ്യേണ്ടതുമാണ്. (1) ദർഘാസ് ലഭിച്ച വ്യക്തിയുടെ നെല്ല് സംസ്ക്കരിക്കുന്ന യന്ത്രത്തിൽ സംസ്ക്കരിച്ച് ചണചാക്കുകളിൽ നിറക്കുന്നതിന്റെയും (2) സീഡ് അതോറിറ്റിയുടെ ഗോഡൗണുകളിൽ നിലവിലുള്ള ഓട്ടോമാറ്റിക് സംസ്കരണ യൂണിറ്റ് (മണിക്കൂറിൽ 2 ടൺ) ഉപയോഗിച്ച് ചണചാക്കുകളിൽ നിറയ്ക്കുന്നതിനുമുള്ള തുകകൾ പ്രത്യേകമായി ടെണ്ടറിനൊപ്പമുള്ള BOQ ഫോമിൽ രേഖപ്പെടുത്തണം. സംസ്കരണ കേന്ദ്രങ്ങളിൽ വരുന്ന മറ്റു അനാമത്ത് ചെലവുകൾ ദർഘാസ് ലഭിക്കുന്നവർ തന്നെ വഹിക്കേണ്ടതാണ്.

ഇ-ടെണ്ടർ 9-11-2018 വൈകിട്ട് 4 മണിവരെ സ്വീകരിക്കുന്നതും 14-11-2018-ാം തീയതി രാവിലെ 11 മണിക്ക് അപ്പോൾ ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സീഡ് അതോറിറ്റിയുടെ ഗവേണിംഗ് ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്. ദർഘാസിന് അംഗീകാരം ലഭിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ ഉടനെ ജോലി തുടങ്ങാൻവേണ്ട നടപടി സീഡ് അതോറിറ്റി കൃഷി അഡീഷണൽ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ആരംഭിക്കേണ്ടതാണ്.

ഓൺലൈൻ ടെണ്ടറിനൊപ്പം ` 200-ന്റെ കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ് സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഈ ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ NIC-യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന etenders helpdesk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല.

ദർഘാസ് ഉറപ്പിക്കുന്ന വ്യക്തി കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതും ` 200-ന്റെ മുദ്രപത്രത്തിൽ കരാർ ഉറപ്പിക്കേണ്ടതുമാണ്. ദർഘാസ് പ്രകാരമുള്ള ജോലികൾ ഏറ്റെടുത്ത് നടത്തി ദർഘാസ് കാലാവധിക്കുശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്. ടെൻഡർ കാലാവധി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി ബോർഡ് തീരുമാനിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ ആയിരിക്കും.

ഇ-ടെൻഡർ സ്വീകരിക്കുന്നതിനും നിരസിക്കുവാനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസുകൾക്കുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്.

നിബന്ധനകൾ

1. കേരള സംസ്ഥാന വിത്തു വികസന അതോറിറ്റിയുടെ പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്ന നെൽ വിത്തുകൾ അതാതു പാടശേഖര സമിതി സെന്ററിൽ വച്ചോ അതോറിറ്റി നിശ്ചയിക്കുന്ന മറ്റു ഗോഡൗണിലോ സംസ്കരണ കേന്ദ്രങ്ങളിൽ വച്ചോ വൃത്തിയാക്കണം.

2. വൃത്തിയാക്കിയ ശുദ്ധമായ വിത്ത് 30 കിലോഗ്രാം വീതം സീഡ് അതോറിറ്റി നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിവരങ്ങൾ ആലേഖനം ചെയ്ത ചണചാക്കുകളിൽ നിറച്ച വിത്ത് പരിചരണത്തിനാവശ്യമായ വസ്തുക്കൾ അടക്കം ചെയ്ത് വിത്തിന് അനുവദിച്ച ടാഗിൽ വിവരങ്ങൾ ചേർത്ത് ടാഗ് അടക്കം ചെയ്ത് ചാക്ക് തുന്നി ഇനം തിരിച്ച് അട്ടിയിടണം.

3. ഇതിനാവശ്യമായ നിർദ്ദിഷ്ട ഗുണമേന്മയുള്ള പുതിയ ചണചാക്കുകൾ 21" × 36" സൈസിലുള്ളതും ചുരുങ്ങിയത് 375 ഗ്രാം ഭാരമുള്ളതും ഇഴയടുപ്പമുള്ളതുമായ ചണചാക്കുകൾ ആയിരിക്കണം ഉപയോഗിക്കേണ്ടത്. വിത്ത് നിറയ്ക്കുമ്പോഴും തുടർന്ന് അട്ടിയിടുക, ലോറിയിൽ കയറ്റുക തുടങ്ങിയ പ്രവൃത്തികൾക്കിടയിൽ ചാക്കിന് കേട് വരാത്തവിധം ഇഴയടുപ്പവും ഉറപ്പും ഉള്ളതായിരിക്കണം.

4. സീഡ് അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ചാക്കിന് പുറത്ത് സീഡ് അതോറിറ്റിയുടെ പേരും സീഡ് ടെസ്റ്റിംഗ് ടാഗിലെ നിർദേശങ്ങളും പ്രിന്റ് ചെയ്തിരിക്കണം.

5. അത്യാവശ്യ ഘട്ടങ്ങളിൽ വിത്തു വികസന അതോറിറ്റി ചാക്ക് നൽകുകയാണെങ്കിൽ ടി ചാക്കിന്റെ വില കരാർ പ്രകാരമുള്ള സംസ്ക്കരണ ചെലവിൽ നിന്നും കുറച്ച് ബാക്കി തുക അനുവദിക്കുന്നതായിരിക്കും.

6. ചാക്കിന്റെ അഭാവംമൂലമോ സംസ്ക്കരണത്തിലെ കാലതാമസം മൂലമോ സ്പീഡ് അതോറിറ്റിക്ക് നഷ്ടം സംഭവിക്കുകയാണെങ്കിൽ നഷ്ടത്തിന് നിയമാനുസൃത വിലയുടെ മൂന്നിരട്ടി കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

7. സീഡ് അതോറിറ്റിയിൽ നിന്നും അസർബ്ലൂ ടാഗ് കൈപ്പറ്റേണ്ടതും സീരിയൽ നമ്പർ പ്രകാരമുള്ള ടാഗ് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ചാക്കിൽ തുന്നിച്ചേർക്കേണ്ടതുമാണ്.

8. ദർഘാസ് ലഭിച്ച വ്യക്തിയുടെ നെല്ല് സംസ്കരിക്കുന്ന യന്ത്രത്തിൽ സംസ്കരിക്കുന്നതിന്റെയും സീഡ് അതോറിറ്റിയുടെ ഗോഡൗണുകളിൽ നിലവിലുള്ള ഓട്ടോമാറ്റിക് സംസ്കരണ യൂണിറ്റ് (മണിക്കൂറിൽ 2 ടൺ) ഉപയോഗിച്ച് നിറയ്ക്കുന്നതിനുമുള്ള തുകകൾ പ്രത്യേകമായി ടെണ്ടറിനൊപ്പമുള്ള BOQ ഫോമിൽ രേഖപ്പെടുത്തണം. സീഡ് അതോറിറ്റിയിൽ നിന്ന് നൽകുന്ന ഉത്തരവിൽ (പ്രോസസ്സിംഗ് നോട്ട്) നിർദ്ദേശിച്ചിരിക്കുന്ന വിവരങ്ങൾ ചാക്കിൽ പെർമനെന്റ് ഇങ്ക് ഉപയോഗിച്ച് എഴുതിച്ചേർക്കേണ്ടതുമാണ്.

9. സംസ്കരിച്ച വിത്തിന് ഒരു ടണ്ണിന് എത്ര രൂപ എന്നത് ദർഘാസിൽ കാണിച്ചിരിക്കണം.

10. സംസ്കരണത്തിനാവശ്യമായ വിന്നോവർ പുതിയ ചണചാക്കുകൾ, മഷി, നൂൽ, ബാഗ്ക്ലോസർ തുടങ്ങി ആവശ്യമായ എല്ലാ ഉപകരണങ്ങളും കരാറുകാരൻ സ്വന്തം ചിലവിൽ എടുത്ത് ഉപയോഗിക്കേണ്ടതാണ്.

11. കരാറുകാരിൽ നിന്ന് അതാത് കാലങ്ങളിൽ നിലവിലുള്ള നിരക്കിലെ ആദായനികുതി ഈടാക്കുന്നതാണ്. കരാർ പ്രകാരം നൽകുന്ന തുകയ്ക്ക് നിയമപ്രകാരമുള്ള നികുതി കിഴിവ് ബാധകമായിരിക്കും.

12. നെൽവിത്ത് പ്രോസസ്സിംഗ് ചെയ്യുന്ന സമയത്ത് വരുന്ന വൈദ്യുതി ചാർജ്, മറ്റ് അനാമത്ത് ചെലവുകൾ ദർഘാസ് ലഭിക്കുന്നവർ തന്നെ വഹിക്കേണ്ടതാണ്. വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുകയോ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രോസസ്സിംഗ് പൂർത്തിയാക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം കരാർ റദ്ദാക്കാനുള്ള അധികാരം സീഡ് അതോറിറ്റി അഡീഷണൽ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. മാത്രവുമല്ല ആയതുമൂലം ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കുന്നതാണ്. ടി നഷ്ടം റവന്യൂ റിക്കവറി അടക്കമുള്ള നിയമാനുസൃത മാർഗ്ഗത്തിലൂടെ ഈടാക്കുന്നതാണ്.

13. ടെണ്ടറുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള അധികാരം താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

14. സർക്കാർ ടെണ്ടറുകൾക്കുള്ള മറ്റ് എല്ലാ നിയമങ്ങളും ഈ ടെണ്ടറിനും ബാധകമാണ്.

കേരള സംസ്ഥാന
വിത്തുവികസന അതോറിറ്റി, (ഒപ്പ്)
അയ്യന്തോൾ, തൃശ്ശൂർ-3. കൃഷി അഡീഷണൽ ഡയറക്ടർ.

---

## ഇ-ടെണ്ടർ പരസ്യം

നമ്പർ എഇ.(2)741/2018. 2018 ഒക്ടോബർ 16.

കണ്ണൂർ ജില്ലയിലെ ചാലോട് T × D പോളിനേഷൻ യൂണിറ്റിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് മത്സരാധിഷ്ഠിത ടെണ്ടറുകൾ ഓൺലൈൻ മുഖാന്തിരം ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ https://etenders.kerala.gov.in.-ൽ ലഭ്യമാണ്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഐ. ഡി. |
|---|---|---|---|
| 1 | പോളിഹൗസിൽ റാക്ക് നിർമ്മാണം | 1,90,000 | 2018_AGRI_241533 _1 |
| 2 | പഴയ പെപ്പർഷെഡ് പൊളിച്ച് പുതിയ മഴമറ നിർമ്മാണം | 2,90,000 | 2018_AGRI_241579_1 |

ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും—27-10-2018, 1 മണി.

ടെണ്ടറുകൾ തുറക്കുന്ന തീയതിയും സമയവും—30-10-2018, 1.30 മണി.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് (ഒപ്പ്)
എൻജിനീയറുടെ കാര്യാലയം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
കണ്ണൂർ. എൻജിനീയർ (കൃഷി).